<u>**15 -ാം കേരള നിയമസഭ**</u>

<u>**7 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2374**</u> <u>**12-12-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ആലപ്പുഴ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മെഡിക്കൽ കോളേജിൽ നിർമ്മാണം പൂർത്തീകരിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | **ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ നിർമ്മാണം പൂർത്തീകരിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേക്കാവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, വൃത്തിയാക്കുന്നതിനുമുള്ള നടപടികൾ ഇപ്പോൾ നടന്നു വരുന്നു. ഈ നടപടികൾ പൂർത്തിയായാലുടൻ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത സ്പെഷ്യാലിറ്റി സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി സ്റ്റാഫുകളെ നിയമിച്ചിട്ടുണ്ടോ; | (ബി) | പ്രസ്തുത സ്പെഷ്യാലിറ്റി സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി സ്റ്റാഫുകളെ നിയമിച്ചിട്ടില്ല. |
| (സി) | നിലവിലുള്ള സ്പെഷ്യാലിറ്റിക്ക് പുറമെ മറ്റ് ഡിപ്പാർട്ട്മെന്റുകൾ കൂടി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | നിലവിലുള്ള സ്പെഷ്യാലിറ്റിക്ക് പുറമേ പ്ലാസ്റ്റിക്ക് സർജറി ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ആലപ്പുഴ മെഡിക്കൽ കോളേജിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുന്നതോടൊപ്പം, ആവശ്യമായ തസ്തികകളിൽ നിയമനം നടത്തുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ഒഴിവുകൾ യഥാസമയം പി.എസ്.സി വഴി/കരാർ വ്യവസ്ഥയിൽ നികത്തുന്ന തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ